ജന്മഭൂമി



# സംസ്ഥാനത്ത് നീര ഉല്പാദനത്തിന് അനുമതി




തിരുവനന്തപുരം: സംസ്ഥാനത്ത് നീര ഉല്പാദനത്തിന് അനുമതി. 173 നാളികേര ഉദ്പാദക ഫെഡറേഷനുകൾക്ക് അനുമതി നൽകിയുള്ള ഉത്തരവിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഒപ്പു വച്ചു. നീരചെത്തുന്ന തെങ്ങുകൾക്ക് എക്സൈസ് അനുമതി വേണമെങ്കിലും നീര വിപണനത്തിന് വകുപ്പിന്റെ നിയന്ത്രണമുണ്ടാകില്ല.

മദ്യത്തിന്റെ അംശമില്ലാത്ത പോഷക പാനീയമെന്ന നിലക്കാണ് നീര വിപണിയിലെത്തുന്നത്. നാളികേര ബോർഡിനും നാളികേര ഉല്പാദക സംഘങ്ങൾക്കും ഫെഡറേഷനുകൾക്കുമാണ് നീര ഉല്പാദിപ്പിക്കാനുള്ള അനുമതി മന്ത്രിസഭ നൽകിയിരുന്നു. കർഷകർക്ക് ഒരു തെങ്ങിൽ നിന്ന് മാസം 1500 രൂപ വരെ വരുമാനം ഉറപ്പാക്കുന്ന ഉൽപന്നമാണ് നീര.

നാൽപ്പത്തി മൂന്ന് ലക്ഷം തെങ്ങുകർഷകരാണ് സംസ്ഥാനത്തുള്ളത്. ഒരു തെങ്ങിൽ നിന്ന് ശരാശരി ഒന്നര ലിറ്റർ നീര പ്രതിദിനം ഉദ്പാദിപ്പിക്കാമെന്നാണ് പ്രതീക്ഷ. 2013 സെപ്തംബറിൽ നീര ഉല്പാദനത്തിന് അനുമതി നൽകി ഗവണ്മെന്റ് ഉത്തരവ് പുറപ്പെടുവിക്കുകയും അതിന് എക്സൈസസ്നിയമ വകുപ്പുകളുടെ ഉപദേശം ആരായുകയും ചെയ്തിരുന്നു.

അബ്കാരി നിയമത്തിലെ ഭേദഗതിയായിരുന്നു മുന്നിലുണ്ടായിരുന്ന പ്രധാന പ്രതിബന്ധം.